**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഗോവർദ്ധനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗോവർദ്ധനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട പശുക്കിടാങ്ങൾക്ക് സമ്പൂർണ ആരോഗ്യ സംരക്ഷണം നൽകുക വഴി പ്രായപൂർത്തിയാകുന്ന പ്രായം 15 മാസത്തിൽ താഴെയായി കുറയ്ക്കുകയും അതുവഴി ആദ്യ പ്രസവം നടക്കുന്ന പ്രായം 24-26 മാസമായി കുറയ്ക്കുകയുമാണ് പദ്ധതി ലക്ഷ്യംവെയ്ക്കുന്നത്. ഇതു വഴി രണ്ട് പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുകയും സങ്കരയിനം പശുക്കിടാങ്ങളുടെ ജനിതക സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി അത്യുത്പാദനശേഷിയുള്ള പുതിയ തലമുറ പശുക്കളെ വളർത്തിയെടുക്കുക വഴി കേരളത്തിലെ പാൽ ഉൽപ്പാദനത്തിൽ വർദ്ധനവ് കൊണ്ടുവരികയാണ് ഗോവർദ്ധനി പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലകളിലും ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ വർഷത്തെയും ടാർജറ്റിന് അനുസൃതമായി പദ്ധതി നടപ്പിലാക്കി വരുന്നു. 2022-23 വർഷത്തെ ലക്ഷ്യം 42410 കന്നുകുട്ടികളാണ്. |
| (സി) | ഗോവർദ്ധനി പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ആവശ്യമായ ഫണ്ട് ലഭ്യമായാൽ സംസ്ഥാനത്തെ മുഴുവൻ കന്നുക്കുട്ടികളെയും ഗോവർദ്ധനി പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയും. |
| (ഡി) | കാഫ് ഗ്രോത്ത് മീൽ സംസ്ഥാനത്തെ എല്ലാ ക്ഷീര കർഷകർക്കും സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കന്നുകുട്ടി തീറ്റ സബ്സിഡി നിരക്കിൽ ആണ് ഇപ്പോൾ നൽകി വരുന്നത്. കാഫ് ഗ്രോത്ത് മീൽ സംസ്ഥാനത്തെ എല്ലാ ക്ഷീര കർഷകർക്കും സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ